# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : * 465

18 / 11 / 2019 -ൽ
മറുപടി നൽകേണ്ടത്

## ദേശീയജലപാത പദ്ധതിയുടെ പുരോഗതി

**ചോദ്യം**

ശ്രീ. എം. മുകേഷ്
ശ്രീ. കെ. കഞ്ഞിരാമൻ
ശ്രീ. കെ. ദാസൻ
ശ്രീ. കെ. ജെ. മാക്സി

(എ) സംസ്ഥാനത്തെ ചരക്കുഗതാഗതത്തിനും വിനോദസഞ്ചാരത്തിനും ഏറെ പ്രയോജനപ്രദമാകുന്ന ദേശീയജലപാത പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ ; ഇൻലാന്റ് വാട്ടർവേ അതോറിറ്റി നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

പിണറായി വിജയൻ
( മുഖ്യമന്ത്രി )

(എ) കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ജലപാതയാണ് ദേശീയ ജലപാത-3 ആയി പ്രഖ്യാപിച്ചിട്ടുള്ളത്. ദേശീയ ജലപാതയുടെ ഡ്രെഡ്ജിങ്ങും നിർമ്മാണ നവീകരണ പ്രവർത്തനങ്ങളും നടപ്പാക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യാണ്. IWAI യുടെ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. നിലവിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയുടെ പ്രവൃത്തികളും കൊച്ചിയിലെ ഫീഡർ റൂട്ടുകളായ ഉദ്യോഗമണ്ഡൽ കനാൽ , ചമ്പക്കര കനാൽ എന്നിവയുടെ പണികളും പൂർത്തീകരിച്ചിട്ടുണ്ട്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാതയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ആലപ്പുഴ, കോട്ടയം ജില്ലകളിലായുള്ള NW-8 (ആലപ്പുഴ - ചങ്ങനാശ്ശേരി), NW-9 (ആലപ്പുഴ-കോട്ടയം-അതിരമ്പുഴ), NW-59 (കോട്ടയം-വൈക്കം) എന്നീ ദേശീയ ജലപാതകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ഐ.ഡബ്ല്യൂ.എ.ഐ. തയ്യാറാക്കിയിട്ടുണ്ട് . ആയതിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ദേശീയ ജലപാതയുമായി ബന്ധപ്പെട്ട ചവറ കെ.എം.എം.എൽ. ബോട്ട് ജെട്ടിയുടെ നിർമ്മാണം , തൃക്കുന്നപ്പുഴ നാവിഗേഷൻ ലോക്കിന്റെ പുനർനിർമ്മാണം എന്നീ രണ്ട് പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഡെപ്പോസിറ്റ് വർക്കായി ഇൻലാന്റ് നാവിഗേഷൻ വിഭാഗം നടപ്പിലാക്കി വരുന്നു.

(ബി) കോഴിക്കോട് - നീലേശ്വരം , കോവളം - കൊല്ലം സംസ്ഥാന ജലപാതകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ശുചീകരണം ഘട്ടം ഘട്ടമായി ക്വിൽ പൂർത്തീകരിച്ചു വരുന്നു. ആക്കുളം മുതൽ കൊല്ലം വരെയുള്ള കനാൽ ശുചീകരണവും ആഴംകൂട്ടലും പ്രവൃത്തികൾ വിവിധ റീച്ചുകളിലായി പുരോഗമിക്കുന്നു. ലാന്റ് അക്വിസിഷനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം വർക്കല യിലെ കനാൽ വികസന പദ്ധതികൾക്ക് തടസ്സമായി കണ്ടിരുന്ന കനാൽ അരികിനോട് ചേർന്ന് പുറമ്പോക്കിൽ വസിക്കുന്ന 60 കുടുംബങ്ങളെ ആദ്യ ഘട്ടത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കോഴിക്കോട് മുതൽ വടകര വരെയുള്ള കനോലി കനാലിന്റെ ഭാഗങ്ങളിലും കനാൽ ശുചീകരണം പുരോഗമിക്കുന്നു. വടകര മാഹി കനാൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വടകര - മാഹി കനാലിന്റെ സമ്പൂർണ്ണ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയും ഊർജ്ജിതമായി നടന്നു വരുന്നു. കണ്ണൂർ ജില്ലയിലെ സുൽത്താൻ കനാലിന്റെ നവീകരണവും പൂർത്തിയായി വരുന്നു. മാഹിക്കും വളപട്ടണത്തിനുമിടയിൽ 3 ഭാഗങ്ങളിലായുള്ള അൺകട്ട് ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വളപട്ടണം മുതൽ നീലേശ്വരം വരെയുള്ള ഭാഗം ആഴം കൂട്ടി നവീകരിച്ചിട്ടുള്ളതാകുന്നു.

(സി) കിഫ്ബി സഹായത്തോടെ പാർവ്വതീ പുത്തനാർ ഗതാഗത യോഗ്യമാക്കാൻ നടത്തുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ;

(സി) പാർവ്വതീ പുത്തനാറിന്റെ രണ്ടാം ഘട്ട വികസനത്തിന് 53 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ ധനസഹായ ത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ക്വിൽ-നാണ് പാർവ്വതീ പുത്തനാറിന്റെ വികസന / നിർമ്മാണ ചുമതല. പാർവ്വതീ പുത്തനാറിലെ പുറമ്പോക്കിൽ വസിക്കുന്ന 60 കുടുംബങ്ങ ൾക്ക് സെപ്റ്റിക് ടാങ്കോടുകൂടി ശൗച്യാലയങ്ങൾ സിയാലിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. കനാലിലേക്ക് ടോയ് ലറ്റ് വേസ്റ്റുകൾ എത്തുന്നത് തടയുവാൻ 600-ഓളം ഭവനങ്ങൾക്ക് കൂടി സെപ്റ്റിക് ടാങ്കുകളോടു കൂടിയ ശൗച്യാലയങ്ങൾ ശുചിത്വമിഷന്റെ സഹകരണത്തോടെ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു

(ഡി) വാഹനത്തിരക്കിൽ കുരുങ്ങുന്ന കൊച്ചിയിലെയും പരിസരപ്രദേശങ്ങളിലെയും യാത്രാ ക്ലേശത്തിന് പരിഹാരമാകുന്ന വാട്ടർ മെട്രോ പദ്ധതിയിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ ?

(ഡി) കൊച്ചിൻ മെട്രോ റെയിൽ കോർപ്പറേഷനാണ് വാട്ടർമെട്രോയുടെ നിർമ്മാണ ചുമതല. കൊച്ചി വാട്ടർമെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളും , പ്രോജക്റ്റിന്റെ ഭാഗമായിട്ടുള്ള ബോട്ടുജെട്ടികളുടേയും , ബോട്ടുകളുടേയും നിർമ്മാണവും സമയബന്ധിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽപ്പെട്ട എട്ട് ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള കരാർ നൽകി കഴിഞ്ഞു. 2020 നവംബർ മാസത്തിൽ വാട്ടർമെട്രോയുടെ ആദ്യ സർവ്വീസ് നടത്താമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**